## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1140.** **30.11.2018 ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ ഉപയോഗത്തിലെ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളം മയക്ക് മരുന്ന് വിപണി മാത്രമല്ല മറ്റ് സ്ഥലങ്ങളിലേക്ക് മയക്ക് മരുന്ന് എത്തിക്കുന്നതിനുള്ള പ്രധാന ഹബ്ബായും മാറുന്നു എന്ന വാർത്ത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | വിപണിയിൽ വൻ വിലയുള്ള എം.ഡി.എം.എ പോലുള്ള മയക്കുമരുന്നുകൾ വൻ തോതിൽ പിടിച്ചെടുക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ടായിട്ടുണ്ട് |
| (സി) | കഴിഞ്ഞ ആറ് മാസത്തിനിടയിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ മയക്ക് മരുന്നുകളാണ് പിടികൂടിയത്; | (സി) | ഉദ്ദേശം 600 കോടിയുടെ മയക്ക് മരുന്നുകൾ പിടികൂടിയിട്ടുണ്ട്. |
| (ഡി) | ലഹരി മരുന്ന് വ്യാപാരം ക്രമാതീതമായി വർദ്ധിച്ചിട്ടും അതിനെതിരെ ഫലപ്രദമായി തടയാൻ സാധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ലഹരി മരുന്നു വ്യാപനത്തിൽ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി പരമാവധി കേസുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാന ത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്ന തിന് ചെക്ക് പോസ്റ്റുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട് കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിലൂടെ ലഹരി മരുന്നു വ്യാപന പ്രവർത്തനങ്ങൾക്ക് ഒരു പരിധി വരെ തടയിടാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | ബാറുകൾ അടച്ചുപൂട്ടിയതാണ് ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിച്ചതിന് കാരണമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ മുൻസർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ ബാറുകൾ എല്ലാം തുറക്കുന്നതിന് ഈ സർക്കാർ അനുമതി നൽകിയിട്ടും ലഹരി മരുന്ന് ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ) | മദ്യശാലകൾ വ്യാപകമായി പൂട്ടിയശേഷമാണ് സംസ്ഥാനത്ത് മയക്കമരുന്ന് കേസുകളുടെ എണ്ണം വർദ്ധിച്ച എന്നത് യാഥാർഥ്യമാണ്. ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകിയ സാഹചര്യത്തിൽ മയക്ക് മരുന്ന് ഉപയോഗം വർധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ